# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

W 6-11876/16 തീയതി - 8/11/2021

**സർക്കുലർ നമ്പർ - 33/ 2020-21**

വിഷയം :- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിലുള്ള വിവിധ കമ്മിറ്റി/സബ് ഓഫീസുകളിലെ റീഇംബേഴ്സ്മെന്റ് അപേക്ഷകൾ യഥാസമയം അയക്കുന്നത് സംബന്ധിച്ച്.

സൂചന:- 20/5/2013 തീയതിയിലെ സർക്കുലർ നമ്പർ 4/13-14.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിലുള്ള വിവിധ കമ്മിറ്റി/സബ് ഓഫീസുകളിൽ നിന്നും വിവിധ ക്ഷേമാനുകൂല്യങ്ങൾക്കായി നൽകി വരുന്ന തുക ബോർഡ് ഓഫീസിൽ നിന്നും അതാതു സാമ്പത്തിക വർഷമോ അടുത്ത സാമ്പത്തിക വർഷമോ റീഇംബേഴ്സ് ചെയ്തു വാങ്ങേണ്ടതാണെന്ന് പല പ്രവശ്യം നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ പല ഓഫീസുകളിൽ നിന്നും റീഇംബേഴ്സ്മെന്റ് അപേക്ഷകൾ യഥാസമയം അയക്കാതെ കാലതാമസം വരുത്തി റീഇംബേഴ്സ്മെന്റിനായി അയക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ മൂന്നു വർഷത്തിലേറെ കാലതാമസം വരുത്തി അയക്കുന്ന അപേക്ഷകൾ യാതൊരു വിധേനെയും പരിഗണിക്കുന്നതല്ല എന്നും ആയത് കമ്മിറ്റിയുടെ ചെലവായി തന്നെ കണക്കാക്കേണ്ടതാണെന്നും അറിയിക്കുന്നു. ആയതിനാൽ മുൻ വർഷങ്ങളിലെ തുക റീഇംബേഴ്സ് ചെയ്ത് ലഭിക്കാനുണ്ടെങ്കിൽ 1 മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

കൂടാതെ ഓരോ സാമ്പത്തിക വർഷവും കമ്മിറ്റി/സബ് ഓഫീസുകളിൽ നിന്നും അനുവദിച്ചു നൽകുന്ന തുക അതാത് സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക് പരമാവധി 3 മാസത്തിനകം റീ ഇംബേഴ്സ്മെന്റിനായി സമർപ്പിക്കേണ്ടതും അല്ലാത്ത പക്ഷം ടി തുകകൾ റീ ഇംബേഴ്സ് ചെയ്ത് നൽകുന്നതല്ല എന്നു കൂടി അറിയിക്കുന്നു.

അതാത് കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർ ടി വിഷയത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്കും, ജില്ലാ സെക്രട്ടറി, ഫിനാൻസ് ഓഫീസർ, സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർമാർ.

പകർപ്പ്

ബോർഡ് ഓഫീസിലെ എല്ലാ സൂപ്രണ്ടുമാർക്കും, എഫ്2 സെക്ഷൻ, സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്